(7) ബില്ലിലെ അപാകത സംബന്ധിച്ച്

2018 ജൂൺ മാസം 25-ാം തീയതി 2018-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമവുമായി ബന്ധപ്പെട്ട് കോടതിയിൽ വ്യവഹാരങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിൽ വേണ്ടത്ര അവധാനതയില്ലാതെയും കോടതി വിധി പരിശോധിക്കാതെയും ഭേദഗതി ചെയ്യുന്നത് ബില്ലിന്റെ ഉദ്ദേശ്യലക്ഷ്യത്തിനും അന്തസ്സത്തയ്ക്കും എതിരാണെന്നും പ്രസ്തുത ഓർഡിനൻസിന്റെ ഭരണഘടനാ വിരുദ്ധത ഉൾക്കൊണ്ട് ഹൈക്കോടതി ഈ നിയമത്തിലെ സുപ്രധാനമായ വകുപ്പുകൾ സ്റ്റേ ചെയ്ത നടപടി നിയമപരമായി പരിശോധിച്ച് ഭേദഗതികൾ കൊണ്ടുവന്നില്ലെങ്കിൽ വ്യവഹാരങ്ങൾക്ക് കാരണമാകുമെന്നതിനാൽ ഈ നിയമം ഇപ്പോൾ അവതരിപ്പിക്കുന്നത് ക്രമപ്രകാരമല്ലെന്ന് ശ്രീ. വി. ടി. ബൽറാമും 2018-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബില്ലിലെ വകുപ്പ് 27(എ)(3) പ്രകാരം 2008-ന് മുമ്പ് നികത്തപ്പെട്ട സ്ഥലങ്ങൾ ക്രമവൽക്കരിക്കുന്നതിന് ന്യായവിലയുടെ അമ്പത് ശതമാനം ഫീസ് ഈടാക്കുന്നതിലൂടെ പീനൽ പ്രൊവിഷൻ ഉൾപ്പെടുത്തിയിരിക്കുകയാണെന്നും ഭരണഘടനാ വിരുദ്ധമായ പ്രസ്തുത വകുപ്പ് ഉൾപ്പെടുത്തുന്നതിന് സഭയ്ക്ക്

അനുവാദമില്ലെന്നും യു.ഡി.എഫ്. സർക്കാർ കൊണ്ടുവന്ന ഭേദഗതി നീക്കം ചെയ്ത് സർക്കാർ മറ്റൊരു രൂപത്തിൽ വീണ്ടും അവതരിപ്പിച്ചിരിക്കുകയാണെന്നും ഈ ഭേദഗതി പാസ്സാക്കുന്നത് നിരവധി വ്യവഹാരങ്ങൾക്ക് കാരണമാകുമെന്നതിനാൽ ഇത് ക്രമപ്രകാരമല്ലെന്ന് ശ്രീ. വി.ഡി. സതീശനും ക്രമപ്രശ്നം ഉന്നയിക്കുകയുണ്ടായി.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങൾ പ്രകാരം ബില്ലിന്റെ അവതരണ വേളയിലാണ് ക്രമപ്രശ്നം ഉന്നയിക്കേണ്ടതെന്നും എന്നാൽ പ്രസ്തുത വേളയിലും സബ്ജക്ട് കമ്മിറ്റി പരിഗണനാ വേളയിലും ആരും തടസ്സങ്ങൾ ഉന്നയിച്ചിരുന്നില്ലെന്നും വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി പ്രസ്തുത വകുപ്പിൽ വ്യക്തമാക്കിയിട്ടുള്ള ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിനുള്ള അനുമതി അനുവദിക്കുന്നപക്ഷം നൽകേണ്ട ഫീസ് നിർണ്ണയിക്കുന്നതിനാണ് ഭേദഗതി ബില്ലിലെ 27 (എ) (3) വകുപ്പ് വ്യവസ്ഥ ചെയ്യുന്നതെന്നും പ്രസ്തുത വ്യവസ്ഥ നാളിതുവരെ ഹൈക്കോടതി സ്റ്റേ ചെയ്തിട്ടില്ലാത്ത സാഹചര്യത്തിൽ ശ്രീ. വി. ടി. ബൽറാം ഉന്നയിച്ച ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്നും ഭേദഗതി ബില്ലിലെ 27 (എ) (3) വകുപ്പ് വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവ വ്യതിയാനം സംബന്ധിച്ച അപേക്ഷ അനുവദിക്കുന്ന പക്ഷം നിർണ്ണയിക്കപ്പെടാവുന്ന

പ്രകാരമുള്ള ഫീസ് അപേക്ഷകന്‍ നല്‍കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നും ഇത് ഫീസ് ചുമത്തുന്ന വ്യവസ്ഥ മാത്രമാണെന്നും കുറ്റം ചെയ്യുന്ന സമയത്ത് പ്രാബല്യത്തിലുണ്ടായിരുന്ന ഒരു നിയമത്തിന്റെ ലംഘനത്തിനൊഴികെ ആരെയും ശിക്ഷിക്കാന്‍ പാടുള്ളതല്ലെന്നാണ് ഭരണഘടനയുടെ 20-ാം അനുച്ഛേദത്തില്‍ വ്യവസ്ഥ ചെയ്യുന്നതെന്നും 10, 12, 13 വകുപ്പുകളുടെ ഭേദഗതികള്‍ ലെജിസ്ലേറ്റീവ് ഇന്റന്‍ഷന് എതിരല്ലാത്തതിനാല്‍ ശ്രീ. വി. ഡി. സതീശന്‍ ഉന്നയിച്ച ക്രമപ്രശ്നം നിലനില്‍ക്കുന്നതല്ലെന്നും ഡാറ്റാ ബാങ്കില്‍ അപാകതയുണ്ടാകാതിരിക്കാനാണ് KSREC (Kerala State Remote Sensing and Environment Centre)-ന്റെ ഉപഗ്രഹചിത്രം കൂടി കൊണ്ടുവരാന്‍ നിര്‍ദ്ദേശിച്ചിട്ടുള്ളതെന്നും നോട്ടിഫൈ ചെയ്യാത്ത ഭൂമിയെ സംബന്ധിച്ച് സര്‍ക്കാരിന് വ്യക്തമായ ധാരണയാണുള്ളതെന്നും റവന്യൂവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി വിശദീകരിക്കുകയുണ്ടായി.

ബഹുമാനപ്പെട്ട സ്പീക്കര്‍ താഴെപ്പറയും പ്രകാരം റൂളിംഗ് നല്‍കി. *

" ചട്ടം 303 പ്രകാരം സഭയില്‍ ഏത് സന്ദര്‍ഭത്തിലും അംഗങ്ങള്‍ക്ക് കാര്യങ്ങള്‍ ഉന്നയിക്കാന്‍ അവകാശമുണ്ടെന്ന് നേരത്തെ റൂളിംഗ് നല്‍കിട്ടുള്ളതാണ്. ബില്ലില്‍ പുതിയതായി കൂട്ടിച്ചേര്‍ക്കുന്ന സെക്ഷന്‍ 27 (എ)-

* KIV KLA/XI Session Vol.172 Report No.12 dated 25-6-2018

യിൽ നിന്നും 3-ാം സബ് സെക്ഷനായി ചേർക്കുന്ന വ്യവസ്ഥ ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുള്ള സാഹചര്യത്തിൽ ബിൽ സഭ പാസ്സാക്കുന്നത് ക്രമപ്രകാരമല്ലെന്നാണ് ശ്രീ. വി. ടി. ബൽറാം ക്രമപ്രശ്നം ഉന്നയിച്ചിരിക്കുന്നത്. വ്യക്തമായ സ്റ്റേ ഹൈക്കോടതിയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ലെന്ന് ബന്ധപ്പെട്ട മന്ത്രി വിശദീകരിച്ചിട്ടുണ്ട്. ഹൈക്കോടതി സ്റ്റേ ലീഗൽ പ്രോസസ്സിന്റെ ഭാഗമായി വരുന്ന നടപടിക്രമം മാത്രമായതിനാൽ സഭയുടെ നിയമനിർമ്മാണ അധികാരത്തെ ബാധിക്കുന്നതല്ല. അപ്രകാരമൊരു സ്റ്റേ ഉണ്ടെങ്കിൽപ്പോലും നിയമനിർമ്മാണവുമായി മുന്നോട്ടുപോകുന്നതിൽ നിയമപരമായി തടസ്സങ്ങളില്ല. വകുപ്പുതിരിച്ചുള്ള പരിഗണനാവേളയിൽ ഇടപെടാനുള്ള അവസരം അംഗങ്ങൾക്ക് ലഭിക്കുന്നതിനാൽ ക്രമപ്രശ്നം നിലനിൽക്കുന്നില്ല. നിയമത്തിൽ പുതിയതായി ചേർക്കുന്ന സെക്ഷൻ 27 (എ) (3) പീനൽ പ്രൊവിഷനാണെന്നും അതിന് മുൻകൂർ പ്രാബല്യം നൽകുന്നത് ഭരണഘടനാ തത്വങ്ങൾക്ക് എതിരാണെന്നും ബില്ലിലെ മറ്റ് വ്യവസ്ഥകൾ മുൻ ലെജിസ്ലേറ്റീവ് ഇന്റൻഷന് എതിരാണെന്നുമാണ് ശ്രീ. വി. ഡി. സതീശൻ ക്രമപ്രശ്നം ഉന്നയിച്ചത്. ലെജിസ്ലേറ്റീവ് ഇന്റൻഷൻ സംബന്ധിച്ച് അന്തിമ തീരുമാനമെടുക്കാൻ ചെയറിന് അധികാരമില്ല. അത് സർക്കാരാണ് തിരുമാനിക്കേണ്ടത്. നിയമത്തിൽ പുതിയതായി ചേർക്കുന്ന സെക്ഷൻ 27 (എ)

(3) പീനൽ പ്രൊവിഷൻ അല്ലെന്ന് നിയമോപദേശം ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ ഇവിടെ ഉന്നയിച്ച ആശങ്ക നിലനിൽക്കുന്നതല്ല. അത് ഫീസ് മാത്രമായി കണക്കാക്കാവുന്നതാണ്. എഴുതി നൽകിയിട്ടുള്ള ഭേദഗതികൾ സംബന്ധിച്ച് അന്തിമാഭിപ്രായം നടത്താൻ ചെയറിന് സാധിക്കാത്തതിനാൽ സർക്കാരിന്റെ നിലപാട് അംഗീകരിക്കണം.”